# മിത്തുകൾ ഇടശ്ശേരിക്കവിതയിൽ

ഡോ. കവടിയാർ രാമചന്ദ്രൻ

അഗസ്ത്യമുനിയെ അറിയുമല്ലോ, വിന്ധ്യനിപ്പുറം നാടുണ്ടെന്ന് കണ്ടെത്തിയത് പെരുവിരൽ വലുപ്പമുള്ള ഈ മഹാമുനിയാണത്രേ. മുനിവചനമിങ്ങനെ:

"അഗ്നേ, നയ സുപഥാ രായേ അസ്മാൻ*"

ഇവിടെ 'സു' എന്നതാണ് ശ്രദ്ധേയം. ഏതെങ്കിലും പഥത്തിലേക്ക് നയിക്കാനല്ല. നല്ല (നേരായ) മാർഗത്തിലൂടെ നയിക്കാനാണ് പ്രാർഥന. ഇത് ഭാരതീയദർശനത്തിന്റെ മഹത്വം. 'വെളിച്ചമേ നയിച്ചാലും' എന്നേ പാശ്ചാത്യദർശനം ഉരുവിടുന്നുള്ളൂ. ഭാരതത്തിന് അത് പോരാ. സുപഥത്തിലൂടെ തന്നെ വേണം യാത്ര. ജീവിതയാത്ര. ഭാരതീയ പുരാണേതിഹാസം നമ്മെ പഠിപ്പിക്കുന്നതാണിത്. അത് മിഥ്യയല്ല, സത്യമാണ്. മഹത്തായ ജീവിതസത്യമാണ് മുനി വചിച്ചത്. മുനിയും വചനവുമെല്ലാം കാലാന്തരത്തിൽ ഭാരതത്തിന്റെ നിത്യമായ മിത്തുകളായി. നമുക്ക് അവയൊക്കെ ഹിതവും പ്രിയവുമായി. നമുക്കെന്നല്ല ലോകത്തിനുതന്നെ ഇന്ത്യൻ 'മിഥോളജി' ആദരണീയമായി.

## മിത്തും കവിതയും

മിത്ത് എന്ന പദത്തിന് 'മിഥ്യ'യുമായിട്ടാണ് ബന്ധം. എന്നാൽ, നമ്മുടെ മനസ്സിൽ ഉറങ്ങിക്കിടക്കുന്ന വംശസ്മൃതികളാണ് മിത്തുകളെന്നും മാനവചരിത്രത്തെ ഉന്നിദ്രമാക്കുന്ന പ്രാക്തന സംസ്കാര മാതൃകകളാണവയെന്നും അത്രേ പുതിയ നിർവചനം. ഓരോ ജനതയ്ക്കും അവരവരുടേതായ മിത്തുകളുണ്ട്. ഓരോ സംസ്കാരത്തിന്റെയും അടിസ്ഥാനഘടകമാണവ.

സമൂഹത്തിന്റെ അംഗീകാരമുള്ള സ്വപ്നങ്ങളാണ് മിത്തുകൾ. സ്വപ്നങ്ങൾ ഒരു വ്യക്തിയുടെ അബോധമനസ്സിലെ ആഗ്രഹങ്ങളുടെയും ഉത്ക്കണ്ഠകളുടെയും പ്രതിഫലനമായിരിക്കുന്നതുപോലെ മിത്തുകളും ജനങ്ങളുടെ ആഗ്രഹങ്ങളുടേയും മൂല്യങ്ങളുടേയും പ്രതീകങ്ങളാണ്. സ്വപ്നങ്ങളെ നാം ചോദ്യം ചെയ്യാറില്ല. മിത്തിന്റെ യുക്തിയന്വേഷിച്ച് അലയാറുമില്ല. പ്രകൃതിയിലെ അദ്ഭുതപ്രതിഭാസങ്ങളെ നിർധാരണം ചെയ്യാനുള്ള മനുഷ്യന്റെ ശ്രമങ്ങളുടെ കഥയാണ് മിത്ത്. അതെ, കഥയാണത്, കഥാപാത്രവുമാകാമത്. സത്യമെന്ന് തോന്നാവുന്ന അസത്യകഥയും അസത്യമെന്ന് തോന്നാവുന്ന സത്യകഥയും അതിലുൾച്ചേർന്നിരിക്കുന്നു. എന്തായാലും പ്രത്യക്ഷമോ പരോക്ഷമോ ആയ ഒരു സന്ദേശമുണ്ടാവും.

കാലാതീതമായ മിത്തുകൾക്ക് കവികൾ പുതുമയുള്ള അർഥതലങ്ങൾ നൽകാറുണ്ട്. കവിതയുടെ ആസ്വാദ്യത മാത്രമല്ല നിലനിൽപ്പുപോലും ഇവിടെയാണ്. ഈ പ്രയോഗം കവിതയിൽ പല രീതിയിലാണ് കാണുന്നത്. പ്രഖ്യാതമായ പുരാവൃത്തങ്ങൾ പുനരാവിഷ്കരിക്കുന്നത് ഒരുരീതി. ഉള്ളടക്കം വ്യക്തമായി പ്രതിഫലിക്കത്തക്കവിധത്തിൽ ആഖ്യാനം ചെയ്യുന്നത് മററൊരു രീതി. അല്ലെങ്കിൽ അന്തർദർശനത്തിന്റെ മാധ്യമമാക്കി മിത്തിനെ മാററാം. ഏതു രീതിയായാലും ശരി, കവിതയ്ക്ക് കൂടുതൽ മിഴിവ് കൈവരുന്നു.

കവിമനസ്സിൽ നിന്നും കവിത സ്വാഭാവികമായി പ്രവഹിക്കുംപോലെ ഇടശ്ശേരിക്കവിതയിൽ മിത്തുകൾ ഒഴുകി വരികയാണെന്നു തോന്നും. അഹല്യ എന്ന ആദ്യകവിതയിൽ തുടങ്ങി തന്റെ കാവ്യരചനയുടെ അങ്ങേത്തലയ്ക്കൽ വരെ പലമട്ടിൽ മിത്തുകളെ ആശ്രയിക്കുന്നു. മാത്രമല്ല ജനമനസ്സിൽ കുടിയേറിയ ഇടശ്ശേരിക്കവിതകളിൽ ഒരു ഡസനിലധികം വരുന്ന പ്രശസ്ത രചനകളുടെ നിലയും നിലനിൽപ്പും മിത്തിൽപ്പിടിച്ചാണ്. അധികവും പൗരാണിക മിത്തുകൾ, ചിലത് ഗ്രാമീണമിത്തുകൾ.

## ഹനുമാൻ എന്ന ആദിരൂപം

നരനല്ല വാനരനാണ് ഇടശ്ശേരിയുടെ ആദിരൂപം. ഹനുമാനനെ കേന്ദ്രീകരിച്ചുള്ള ഇടശ്ശേരിസൃഷ്ടികൾ ഇവയാണ്. ഹനുമൽസേവ തുഞ്ചൻപറമ്പിൽ, ലവണാസുരവധത്തിലെ ഹനുമാൻ, മാവിൻചോട്ടിലെ നാടകം. മലയാളകവികളിൽ നാടകമെഴുതി വിജയിച്ചയാൾ ഇടശ്ശേരിയാണല്ലോ. തന്നേയും തന്റെ കവിതയേയും സഹൃദയലോകത്തിന് പരിചയപ്പെടുത്തിക്കൊടുത്തത് 'കൂട്ടുകൃഷി' എന്ന നാടകമാണെന്ന് ഇടശ്ശേരി വിശ്വസിക്കുന്നു. എന്നാൽ, അദ്ദേഹത്തിന്റെ 'മാവിൻചോട്ടിലെ നാടകം' ഒരു നാടകമല്ല കവിതയാണ്. ധ്വനിസമ്പന്നമായ കവിത. ഇങ്ങനെയുമുണ്ട് നാടകാന്തം കവിത്വം!

ഹനുമാനോടുള്ള ഭക്തിയാണ് ഈ കവിത രൂപം പൂണ്ടുവരാനുള്ള കാരണമെന്ന് കവി പറയു

ന്നു. ബാല്യത്തിന്റെ കൗതുകം നിറഞ്ഞ ഓർമകളിലൂടെയാണ് കവിത അവതരിപ്പിക്കുന്നത്. കുട്ടികൾ മാവിൻചോട്ടിൽ നാടകം കളിക്കുകയാണ്. ബാലനും വിജയനും തമ്മിൽ ഹനുമാനാകാൻ തർക്കം. ഈ വിജയൻ കവി തന്നെയാണെന്നതിൽ സന്ദേഹിക്കേണ്ട. അതുകൊണ്ടാണല്ലോ ആ കുട്ടിയുടെ ജിഹ്വയിൽനിന്നും ഇപ്രകാരമടർന്നു വീണത്.

'പാരിതു മുഴുവനെൻ ദോരന്തരാളം ചേർത്തു
വാരിപ്പുണരുവാനാണെനിക്കു ദാഹം
ഞാനിതുറപ്പു തരാ, മദ്ദാഹം ശമിപ്പിക്കാൻ
പോരാതാൻ സരയുവിൻ വൻകയങ്ങൾ'

മാത്രമല്ല,

'ചോദിപ്പതാത്മഹത്യയ്ക്കായുള്ള പൂർണതയോ,
ജീവിതത്തിന്റേതാകുമപൂർണതയോ'

എന്നിങ്ങനെ അതിർകടന്ന വാക്യംകൂടി നാവിൽനിന്നു വീണ് പകച്ചുനിന്നു.

അപൂർണത തികഞ്ഞ മനുഷ്യന്റെ പൂർണത നേടാനുള്ള പ്രയാണം ദേവത്വത്തിലേക്കുള്ളതാണ്. തിന്മകലർന്ന മനുഷ്യസ്വഭാവത്തിൽ നന്മ ജീവിതപ്രയാണത്തിനിടയ്ക്ക് വിടർന്നു വിടർന്നു വരാം. മനുഷ്യത്വം ഏറിയേറി വരാം. അന്ത്യത്തോളം തുടരുന്ന ഈ പ്രക്രിയ തുടരുന്നതേയുള്ളു; പൂർണ മാകുന്നേയില്ല. പൂർണത നേടിയാൽപ്പിന്നെ ദൈവമായി. ദൈവത്തിന്റെ വക്താവല്ല ഇടശ്ശേരി; മനു ഷ്യന്റെ വക്താവാണ്. എല്ലാ മനുഷ്യരും അപൂർണരാണ്. അത് മനുഷ്യഗുണവുമാണ്. അമ്മയായ ഭൂമിയും അപൂർണയാണ്. പൂർണമല്ലാത്ത, പരിമിതികൾ നിറഞ്ഞ, മനുഷ്യജീവിതമാണ് ഇടശ്ശേരിക്കി ഷ്ടം. പരാധീനജീവിതം നയിക്കുന്ന മനുഷ്യരുടെ പ്രതിനിധിയായി കവി ഹനുമാനെ കാണുന്നു. സര യൂകയങ്ങളിലേക്ക് തളർന്നിറങ്ങിപ്പോകുകയല്ല, സമസ്തപ്രപഞ്ചത്തെയും മാറോടു ചേർത്ത് ഗാ ഢബന്ധം പുലർത്തുകയാണ് വേണ്ടതെന്ന് അസന്ദിഗ്ധമായി ഇവിടെ പ്രഖ്യാപിക്കുന്നു. ചിരഞ്ജീ വിയും ആദിരൂപവും ആയ ഹനുമാന്റെ നാവിലൂടെയായി ഈ പ്രഖ്യാപനമെന്നുമാത്രം.

വാത്സല്യം എന്ന നരഭാവത്തിന്റെ ശക്തിയിൽ വാനരനായ ഹനുമാൻ മനുഷ്യസ്നേഹത്തിനധീ നനാകുന്നതും അതിന് ഒരു മനുഷ്യമാതാവ് പ്രേരകഹേതുവാകുന്നതുമാണ്. ലവണാസുരവധത്തി ലെ ഹനുമാനിലെ പ്രമേയം. മനുഷ്യവിജയത്തെയും വീര്യത്തെയും പ്രകീർത്തിക്കുന്ന കവിതയാ ണത്. പ്രകീർത്തനത്തിന് കവി കണ്ടെത്തിയത് രാമായണകഥാസന്ദർഭവും.

രാമായണത്തെയും എഴുത്തച്ഛനെയും സ്മരിച്ചുകൊണ്ട് സേവനവ്യഗ്രമായ കവിമനസ്സിനെ അനാ വൃതമാക്കുന്ന മറ്റൊരനശ്വര കവിതയാണ് 'ഹനുമൽസേവ തുഞ്ചൻപറമ്പിൽ'. മാനവസേവനത്തി ലൂടെ ചിരഞ്ജീവിയാകുമെന്ന കവിയുടെ അടിയുറച്ച വിശ്വാസവും സഹൃദയമനസ്സിൽ ജീവിക്കാ നുള്ള വ്യഗ്രതയും ഇക്കവിത വെളിവാക്കുന്നു. രാമദാസൻ കവിപക്ഷത്തിലെത്തുമ്പോൾ മാനവ ദാസനാവുന്നു.

## കൂനിക്കൊരു വരദാനം

മനുഷ്യനും ദൈവവും ചേർന്ന് ഊടുംപാവുമിട്ട് നെയ്തെടുക്കുന്ന സാമൂഹ്യജീവിതം ചിരസു ന്ദരമാണെന്നും പക്ഷേയത് കീറാതെ നോക്കണമെന്നുമുള്ള പാഠമാണ് ഇടശ്ശേരിക്ക് 'വരദാന'ത്തി ലൂടെ പറഞ്ഞുതരാനുണ്ടായിരുന്നത്. കുബ്ജയുടെ കദനകഥ കടമെടുത്തത് പ്രധാനമായും അതി നാണ്. മററ് ചില നേർപടങ്ങളും കവി വരഞ്ഞിടുന്നുണ്ട്. പിറന്നു വളർന്ന ചുററുവട്ടങ്ങളിൽനിന്നും ഒരു പരാധീന ജീവിതത്തെ പെട്ടെന്നൊരു ദിനം നക്ഷത്രമണ്ണിൽ പറിച്ചുനടുമ്പോഴുണ്ടാകാവുന്ന ദു രിതങ്ങളാണവ. കൃഷ്ണന്റെ വരദാനത്താൽ ത്രിവക്ര കൂനുമാറി സുന്ദരിയായതോടെ കാര്യങ്ങളാ കെ കുഴഞ്ഞുമറിഞ്ഞു!

കൃഷ്ണൻ നൽകിയ വരദാനം വരുത്തിവച്ച വിനകളിൽനിന്നും കുബ്ജ രക്ഷപ്പെടുന്നത് മറെറാ രാൾ വരദനായ ശേഷമാണെന്ന്, കവി സ്ഥാപിക്കുന്നു. പുരാവൃത്തത്തിലെ നായകപാത്രമല്ല ഇട ശ്ശേരിയുടെ ഇക്കവിതയിലും രക്ഷകനായെത്തുന്നത്. കുബ്ജയ്ക്ക് നെടുമംഗല്യം നൽകി അവളെ സ്വസ്ഥ വൃത്തത്തിലെത്തിക്കുന്നത് ബലരാമന്റെ വരദാനവും ആശീർവാദവുമാണ്. ജയത്തിലും തോൽവിയിലും വീരന്മാർ രസിക്കുന്നുവെന്നുകൂടി പറയാൻ ബലരാമൻ മറക്കുന്നില്ല. ദമ്പതികൾ ക്ക് മംഗളമേകുമ്പോൾ, പരസ്പരപൂരകമായ പ്രണയത്തിലൂടെ മാത്രമേ സ്ത്രീപുരുഷ ജീവിതം സ ഫലമാകൂ എന്ന സൂചനയും നൽകുന്നുണ്ട്. സ്വാനുഭവങ്ങളുടെ ആവർത്തനച്ചൂട് ഇക്കവിതയ്ക്കു ണ്ടെന്ന കാര്യം കവി വെളിവാക്കിയിട്ടുള്ളത് ശ്രദ്ധിക്കണം. നിഷ്കിഞ്ചനർക്കുണ്ടാകുന്ന ജീവിതപീ ഡകൾക്ക് അറുതിവരുത്താൻ, ആതുരതയിൽനിന്ന് സമൂഹത്തെ രക്ഷപ്പെടുത്താൻ, നിഷ്കളങ്കശ ക്തികളിൽ നിന്നുണ്ടാകുന്ന മഹാദാനങ്ങൾക്ക് കഴിയും.

## ഗോപികാഗോവിന്ദത്തിന്റെ ഈട്

അധികമാരും തിരിഞ്ഞു നോക്കാതെപോയ കവിതയാണ് ഗോപികാഗോവിന്ദം. കാളിന്ദീകളകല്ലോലങ്ങളിൽ നീരാടാൻ കണ്ണനെ വിളിക്കുന്ന ഗോപികയും ക്ഷണം നിരസിക്കുന്ന കൃഷ്ണനുമാണ് കഥാപാത്രങ്ങൾ. കള്ളനെന്നു വിളിച്ചതിലാണ് കൃഷ്ണന് പരിഭവം.

'കണ്ണനിന്നു കുളിക്കാൻ വരില്ല;
കള്ളനെന്നു വിളിച്ചീലേ?
വെണ്ണ കട്ടെന്നും വേദന നട്ടെന്നും
കള്ളം ചൊല്ലിക്കലമ്പീലേ?'

എന്നതാണ് കള്ളക്കൃഷ്ണന്റെ പഴിയും പരാതിയും. ക്ഷണ-നിരാസങ്ങൾ കഴിഞ്ഞ് ഗോപികാ-കൃഷ്ണന്മാർ ഒരുമിച്ച് പാടുന്ന ഭാഗമാണ് കവിതയുടെ കാതൽ!

'വേർപിരിയാതേ വേണമനുത്തമ-
ജീവിതനാടകമാടീടാൻ'

അമ്പാടിയിലേക്കു വീണ്ടും എന്ന കവിതയിലെന്നപോലെ സ്ത്രീപുരുഷബന്ധത്തിന്റെ ഉദാത്തതയിലേക്കാണ് നായികാനായകർ അനുവാചകനെ ക്ഷണിക്കുന്നത്. പ്രകൃതി-പുരുഷബന്ധത്തിന്റെ ഈടും ഈടുവയ്പും തന്നെയാണ് ചെറുശ്ശേരി മുതൽ തുടങ്ങി ഇടശ്ശേരിയിലെത്തുമ്പോഴും തിരശ്ശീലയിൽ തെളിയുന്നത്. ചെറുശ്ശേരിക്കവിതയെ ഒന്നിളക്കിനോക്കിയപ്പോഴാണല്ലോ, കൃഷ്ണപ്പാട്ടിന്റെ തുടക്കം മുതലേ തന്നെ ഈടുററ കഷണങ്ങളുണ്ടെന്നു കണ്ടത്.*

## ഐകരൂപ്യത്തിലെ നാടൻമിത്തുകൾ

ഭയദുഃഖാദികളുണ്ടാകുമ്പോൾ മനുഷ്യർ അഭയസങ്കേതങ്ങളേയും ചുമടുതാങ്ങികളേയും അന്വേഷിച്ചലയുന്നു. ഉഴലുന്നു. അതിന് പ്രായഭേദമൊന്നുമില്ല. കുഞ്ഞുനാളിലും വാർധക്യത്തിലും അഭയം തേടൽ വേണ്ടിവരും. രക്ഷകവേഷമേതെങ്കിലും കരഗതമായാൽപ്പിന്നെ ആശ്വാസത്തിന്റെ തണുപ്പിലെത്തും. ഭയദുഃഖങ്ങളുടെ നിമിത്തമായി ചില നാടൻ മിത്തുകളെ ഇടശ്ശേരി ആശ്രയിച്ചിരിക്കുന്നത് ഐകരൂപ്യം എന്ന കവിതയിൽ കാണുന്നു.

ഒരാൾ മുണ്ട് വലിച്ച് മുഖത്തിട്ടു നിന്നാൽ, മററൊരാൾ തുറിച്ചുനോക്കിയാൽ, ഒച്ചകുറച്ചൊരാൾ സംസാരിച്ചാൽ, അടുത്ത മുറിയിൽ പതിഞ്ഞ കാലൊച്ചകേട്ടാൽ - ഇവയൊക്കെ ചെകുത്താനാണെന്നു കരുതി പേടിച്ചു വിറയ്ക്കുന്ന പ്രായമാണ് കുട്ടിയുടേത്. ഈ കുട്ടി, ഇരുൾ പരന്ന വേളയിൽ അച്ഛനുമൊത്ത് ഉമ്മറത്തിരിക്കുമ്പോൾ അടുക്കളപ്പണി കഴിഞ്ഞ് അമ്മ വന്നെത്തി.

'പൂണ്ടേ കിടക്കണമെന്നെ നീ, യിമ്പാച്ചി-
യുണ്ടേ കിനാവിൽ പതുങ്ങിയെത്താൻ'

എന്നൊരപേക്ഷ ഉണ്ണിക്കുട്ടൻ അമ്മയുടെ സമക്ഷത്തിൽ സമർപ്പിച്ചു. ഭീരുവാം കുട്ടനെ വാരിയെടുത്ത് മാറോടുചേർത്ത് മടിയിൽവച്ച് അമ്മ ആശ്വസിപ്പിച്ചു. ഉണ്ണിക്കുട്ടന് അഭയമായി, ആശ്വാസമായി. അച്ഛനോ...?

പണ്ട് ചെന്തീപ്പൊരി തുപ്പുന്ന പിശാചിനോടുപോലും നേർക്കുനേർനിന്നു 'കാര്യം പറയുന്ന ശേഷിക്കാര'നായിരുന്നു, അച്ഛൻ. ഇന്നങ്ങനെയല്ല. ഇന്ന് കുഞ്ഞിന്റെ പേടിയും അച്ഛന്റെ ഭീതിയും ഐകരൂപ്യത്തിലായിരിക്കുന്നു. എന്നാൽ, കുഞ്ഞിനോട് അവന്റെ അമ്മ പറഞ്ഞ വാക്കുകൾ അയാളിലെ ഭീതിയുടെ പെരുംപരവയെ വിഴുങ്ങി. അതിങ്ങനെ:

'ഓമനേ, തൂവെളിച്ചത്തിലിരുളിലും
നീയുറങ്ങുമ്പോൾ, കളിക്കുമ്പോഴും
എപ്പോഴും നിന്നിൽപ്പതിവതാണെൻ മിഴി,
എന്തിനു പേടിപ്പു നീ വെറുതേ?'

ഇത്രയും കേൾക്കവേയാണ് അച്ഛന്റെ മനസ്സ് ശീതസാന്ദ്രമായത്.

'ഈയൊരുറപ്പല്ലോ തേടുന്നു ഞാനെത്ര-
നാളായ് ജപത്താലും ധ്യാനത്താലും'

ഏതൊരു ചെകുത്താനിൽനിന്നും അമ്മ എന്ന ദൈവമാണ് സുരക്ഷയേകുന്ന നെടുംകോട്ടയെന്ന് 'ഈശ്വരവിശ്വാസി'യായ ഇടശ്ശേരി അർഥശങ്ക കൂടാതെ പ്രഖ്യാപിക്കുന്നു.

## പൂതപ്പാട്ട് – ഇടശ്ശേരിയുടെ മാസ്റ്റർപീസ്

അതുപോലെ രണ്ടാമത് ഒരാട്ടക്കഥ ഉണ്ടായി വരാനുള്ള ഭാഗ്യം നമുക്ക് തന്നില്ല എന്നതാണ് നളചരിതത്തിന്റെ ഒരൊററക്കുററമെന്ന് ഇങ്ങുനിന്നങ്ങോളം കണ്ട കുട്ടികൃഷ്ണമാരാർ നേർചൊല്ലി. പൂതപ്പാട്ടിനെപ്പോലെ രണ്ടാമതൊരു കവിതയെപ്പററി ഇപ്രകാരമുരിയാടിയാലും അത് നേരാവും. എന്തായാലും ഇടശ്ശേരിക്കൃതികളിൽ പൂതപ്പാട്ടിനുള്ള അദ്വിതീയസ്ഥാനം ചോദ്യം ചെയ്യാവുന്നതല്ലെന്ന് അയ്യപ്പപ്പണിക്കരും തീർത്തുപറഞ്ഞു. ഇടശ്ശേരിയെന്നു കേട്ടാൽ ഒപ്പം കേൾക്കുന്നത് ഓട്ടുചിലമ്പിൻ കലമ്പലുകളാണ്. ഏറെപ്പറിക്കേണ്ട അന്തർഭാവങ്ങൾ ഈ ശബ്ദത്തിനുണ്ട്. വിതുമ്പലും കലമ്പലും കണ്ടും കേട്ടും വ്യത്യസ്തങ്ങളായ ഒട്ടേറെ പഠനങ്ങളുണ്ടാവുകയും ചെയ്തു. അവയിൽ ചിലതിന്റെയെങ്കിലും അന്തസ്സാരമെന്തെന്നറിയേണ്ടതാണ്. അതിലേക്കായി ചില പഠനങ്ങൾ കാച്ചിക്കുറുക്കിച്ചേർക്കുകയാണ്. പ്രൊഫ. എം.പി. ശങ്കുണ്ണിനായരുടെ അപഗ്രഥനമാണ് ആദ്യം.

1

പൂതത്തിന്റെ പൂർവാശ്രമകഥയെല്ലാം ഇന്നത്തെ ദയനീയാവസ്ഥയ്ക്ക് മൂർച്ചകൂട്ടാൻ മാത്രം. പൈശാചികശക്തികൾ മനുഷ്യന്റെ ചില കോമള ഭാവങ്ങളോട് തോററുപോകുന്നു. ഭയാശങ്കകൾക്ക് നിദാനമായിരുന്ന പൂതത്തെ മനുഷ്യന്റെ ദയക്കും സഹാനുഭൂതിക്കും വിഷയമാക്കി മാററിയ ഒരു സംഭവമുണ്ടായി. ബലിഷ്ഠയായ ദുർദേവത വാത്സല്യമെന്ന മൃദുലഭാവത്താൽ ദുർബലയാക്കപ്പെട്ടു. വാത്സല്യദുർബലമായ മാതൃത്വം ബലിഷ്ഠശക്തിയായി മാറുന്നുമുണ്ട് (മിഴികൾ പറിച്ചെടുത്ത് സമർപ്പിക്കുന്ന സന്ദർഭം ഓർമിക്കുക).

വാത്സല്യത്താൽ മൃദുലവും ആർദ്രവുമായ മാതൃത്വം ചില സന്ദർഭങ്ങളിൽ ശക്തികേന്ദ്രമായിത്തീരുന്നതിന്റെ ഒരു ചിത്രം; ബലിഷ്ഠവും സ്വാർഥാശ്ലേഷിയുമായ വന്ധ്യത്വം വാത്സല്യത്താൽ ശിരീഷമൃദുവായിത്തീരുന്നതിന്റെ മറെറാരു ചിത്രം; അങ്ങനെ രണ്ടു ചിത്രം സമുന്മീലനം ചെയ്ത് അവയുടെ സാമ്യവൈഷമ്യങ്ങളിൽനിന്നും ദശാവിപര്യയത്തിൽനിന്നും ജനിക്കുന്ന ഭാവസംഘർഷമാണ് ആപാതവീക്ഷണത്തിൽ ഈ കവിതയുടെ ചലനജനകമായ ഊർജം.

കവി സ്വതവേ കുത്സിതമായ പൂതത്തെ മധുരഭാവം നൽകി സഹാനുഭൂതി ലക്ഷ്യമാക്കി മാററിയിരിക്കയാണ്. അപ്പോൾ പൂതത്തെ നവ്യലോകത്തിൽനിന്നു് നിഷ്കാസനം ചെയ്യേണ്ടതില്ലല്ലോ. യക്ഷിയും അപ്സരസുമുള്ള ലോകം നഷ്ടപ്പെട്ടത് ഈ കഥയിലെ കവിസ്ഥാനീയനായ ബാലകനാണ്. എന്നാൽ, പൂതത്തിനു ബാലകൻ നഷ്ടപ്പെട്ടു എന്നു വേറൊരു കുട്ടിക്കരണം മറിയലും ഈ കുട്ടിക്കവിതയിലുണ്ട്. ഭൂവുടമകളാണ് നമ്മുടെ സംസ്കാര സംവിധാനങ്ങളെ വളർത്തിയെടുത്തത്. അവരെ പാപ്പരാക്കിക്കഴിഞ്ഞു. നാം വ്യവസായയുഗത്തിലെത്തിയെന്ന് തികച്ചും പറയാറായിട്ടില്ല. കള്ളക്കടത്ത്, കരിഞ്ചന്ത, രാഷ്ട്രീയോപജാപം മുതലായവയാൽ വളരുന്ന വാണിജ്യസമൂഹത്തിന്റെ കൈയിൽപ്പെട്ടിരിക്കയാണ് സംസ്കാരലോകം... ഇവിടെ നിന്ന് കവി ആ പഴയ ലോകത്തിനുവേണ്ടി നെടുവീർപ്പിടുന്നു. കൈമോശം വന്ന ബാല്യത്തിന്റെ പ്രത്യായനത്തിൽ ലോലുപനായിക്കഴിയുന്നു...

ജീവിതത്തിലെ അരക്ഷിതാവസ്ഥ നിമിത്തം വ്യാകുലരായി മാതൃത്വത്തെ ശരണീകരിക്കുന്ന, ശിശുപ്രായരായ മനുഷ്യർ, മറിച്ച്, വ്രണവിരോപണത്തിനുള്ള ഒററമൂലികയായി ബാല്യഭാവത്തെ ദർശിക്കുന്ന ജരഠന്മാർ. ഇങ്ങനെയൊരു ജീവിതദർശനം പൂതപ്പാട്ടിൽ തെളിഞ്ഞുവരുന്നുണ്ട്.

2

അമ്മയുടെ വിങ്ങലും പൂതത്തിന്റെ തേങ്ങലുംകൊണ്ട് ഊടുംപാവും ഇണക്കിയിരിക്കുന്നു ഈ കവിതയിൽ. ഡോ. കെ. അയ്യപ്പപ്പണിക്കർ പൂതപ്പാട്ടിന്റെ ആഖ്യാനരീതിയെ ഇങ്ങനെ അവലോകനം ചെയ്യുന്നു. കേവലം ഒരു പഴങ്കഥപോലെയാണ് പൂതത്തിന്റെ കഥ പറയുന്നത്. ഇടശ്ശേരി എന്ന കവിയോ വ്യക്തിയോ അല്ല കഥ പറയുന്നത് എന്ന് തോന്നിപ്പിക്കുമ്പോൾ പൂതത്തിനും പൂതത്തിന്റെ രൗദ്രകരുണമായ കഥയ്ക്കും ഒരു പുതിയ അർഥവിതാനം കൈവരുന്നു. എഴുത്തുകാരൻ അദൃശ്യനാകുമ്പോൾ എഴുത്തിന് മിഴിവ് കിട്ടുന്നു. ഇടച്ചോദ്യങ്ങളും ഗ്രാമ്യസംഭാഷണരീതികളുമൊക്കെ കഥാകഥനത്തിന് ആസ്വാദ്യത വർധിപ്പിക്കുന്നു. ശ്രദ്ധിച്ചും ആവർത്തിച്ചും വായിക്കുമ്പോൾ അർഥപ്പൊലിമ അനുഭവപ്പെടുന്ന കവിതയാണ് കവിത. അത് പൂതപ്പാട്ടിൽ സുവ്യക്തമാണ്. ഇടശ്ശേരിയുടെ കാവ്യസ്വത്വം ഇവിടെ ധന്യത നേടുന്നു.

3

പൂതപ്പാട്ടിലുണ്ട്, കാവിലെ പാട്ടിലുമുണ്ട് ഓരോ സ്ത്രീകഥാപാത്ര ദ്വന്ദ്വം. പെററമ്മയാകാത്ത, രക്തദാഹം പൂണ്ട, ഒരു നിത്യകന്യക ഈററുനോവറിഞ്ഞ ത്യാഗിനിയും വത്സലയുമായ ലൗകികമാതാ

വ്, ക്രൗര്യത്തെ കാരുണ്യമാക്കിമാററുന്നത് ലൗകികമാതാവിന്റെ ത്യാഗശക്തിയും. പൂതപ്പാട്ടിലെ ലൗകികമാതാവിന് ഉണ്ണി നഷ്ടപ്പെടുന്നില്ല. കാവിലെപാട്ടിൽ ഒരു കഠോരബലി നടക്കുന്നു. കാവിലെപാട്ടിലെ നിത്യകന്യകയായ ജഗംദംബയും പൂതപ്പാട്ടിലെ പൂതവും ആരാധ്യതയിൽ വിഭിന്നരാണെങ്കിലും ഉൽപ്പത്തിസ്വഭാവത്തെ സംബന്ധിച്ചിടത്തോളം ഇവർ ഒന്നുതന്നെയാവാനിടയുണ്ട്. മാതൃത്വമാധുര്യത്തിനുവേണ്ടി ദാഹിക്കുന്ന ഒരു ഹൃദയത്തിന്റെ ചിരന്തനവേദനയ്ക്ക് പ്രതീകമാണ് പൂതം. എങ്കിലും കാവിലെ പാട്ടിലെ ദാരുണദുരന്തവേദന ഇതിന്നില്ല. ഇപ്രകാരമാണ് ഡോ. എം. ലീലാവതിയുടെ താരതമ്യാപഗ്രഥനം.

4

പൂതത്തിന്റെ സംഹാരാത്മകത പൊന്നുണ്ണികളുടെയും നെല്ലുണ്ണികളുടെയും സമൃദ്ധിയെ വർധിപ്പിക്കുന്നതിനാൽ ഉർവരതാനുഷ്ഠാന പുരാവൃത്തമായി പൂതപ്പാട്ട് മാറുന്നുവെന്ന് ഡോ. പി. സോമൻ അഭിപ്രായപ്പെടുന്നു. പൂതപ്പാട്ടിൽ തന്റെ വിളവിനെ, കുഞ്ഞിനെ, സംരക്ഷിക്കുന്ന നങ്ങേലി നല്ല മാതാവും അതിനെ കവർന്നെടുക്കാൻ ശ്രമിക്കുന്ന പൂതം കറുത്ത മാതാവുമാണ്. വിളവുസംരക്ഷണവും കൈയേററവും തമ്മിലുള്ള സംഘർഷമാണ് പൂതപ്പാട്ടെന്ന് വ്യാഖ്യാനിച്ചാൽ അതൊരു കാർഷികപുരാവൃത്തമായിത്തീരുന്നു. നങ്ങേലിയുടെ 'അപരസ്വത്വ'മായി പ്രത്യക്ഷപ്പെടുന്ന പൂതം ഒടുവിൽ നങ്ങേലിയെപ്പോലെ സൗമ്യമാതാവായി പരിണമിക്കുന്നതോടെ ഉണ്ണിക്ക് ഫലത്തിൽ രണ്ട് സംരക്ഷകമാതാക്കളെ ലഭിക്കുന്നു. 'ആർദ്രത'യെന്ന നല്ല മാതാവ് 'ഹിംസ'യെന്ന ഭീകരമാതാവിനെ വീഴ്ത്തുന്നു. ജീവിതത്തെ കൊയ്യാൻ വരുന്ന ഹിംസയെ (മരണത്തെ) സ്വയം ത്യാഗത്തിലൂടെയും ബലിയിലൂടെയും ചെറുത്ത് ഭാവിസമൂഹത്തിന്റെ സുരക്ഷയും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുക എന്നതാണ് പൂതപ്പാട്ടിലെ ദാർശനികതലം.

5

വാത്സല്യം നിറഞ്ഞു തുളുമ്പുന്ന ഒരമ്മയുടെയും ഉണ്ണിയെ അപഹരിക്കുന്ന ഒരു പൊട്ടപ്പൂതത്തിന്റെയും കഥ മാത്രമല്ല പൂതപ്പാട്ടെന്ന് കവിതയിലെ ആന്തരികവിവക്ഷകൾ സാക്ഷ്യമേകുന്നു. ലളിതയായും പൂതനയായും ഭാവം മാറാൻ കഴിയുന്ന മാതൃരൂപത്തിന്റെ ദ്വന്ദ്വാത്മകതയാണ് കവിതയുടെ ആന്തരികസൗന്ദര്യം. അമ്മയ്ക്ക് തന്റെ ഉണ്ണിയോട് തോന്നുന്ന അമിതമായ സ്നേഹവാത്സല്യങ്ങളും കാമമോഹിതമായ രതിഭാവനകളും ഇടഞ്ഞ് മാതൃഭാവത്തിന് ഉണ്മയേററുന്ന ചിത്രമാണ് ഈ നാടോടിസങ്കൽപ്പത്തിന്റെ അടിസ്ഥാനശിലയെന്ന് കണ്ടെത്തുന്നു, ഡോ. കെ.എസ്. പ്രകാശ്.

6

മനുഷ്യൻ അതിജീവിച്ച കാലത്തിന്റെ പ്രതിരൂപമാണ് പൂതപ്പാട്ടിലെ പൂതം. മനുഷ്യന്റെ പരിണാമത്തെക്കുറിച്ചുള്ള ഒരു വിചിത്രകൽപ്പനയാണ് പൂതപ്പാട്ട്... പുരോഗതിയിലെ അധോഗതിയെക്കുറിച്ചുള്ള അവബോധത്തിന് ഏറെ പഴക്കമുണ്ട്. പുരോഗതിയിലെ കൃതഘ്നതയെക്കുറിച്ച്, അതിജീവനങ്ങളിലെല്ലാമുള്ള ഒരു വൈരൂപ്യത്തെക്കുറിച്ച്, മഹാബലിയുടെ കഥയും പൂതപ്പാട്ടും ഒരേ ഉൾക്കാഴ്ചകൾ പങ്കിടുന്നുവെന്ന് കൽപ്പററ നാരായണൻ പറയുന്നു.

7

നമ്മുടെ രാജ്യത്ത് ദളിത്-ഗോത്ര വർഗമുന്നേററങ്ങൾക്കും കീഴാളരുടെ ഉയിർത്തെഴുന്നേൽപ്പിനും മററും എക്കാലവും തടസ്സമായിരിക്കുന്നത് മനുഷ്യസഹജമായ ആർദ്രതയാണ്. പൂതത്തിന്റെ സായുധസമരത്തെ സഹന സമരത്തിലൂടെ എതിരിട്ട് ജയിക്കുന്ന അമ്മയിലൂടെ ഇടശ്ശേരിയുടെ രാഷ്ട്രീയമായ ഒരു കാഴ്ചപ്പാട് തെളിഞ്ഞുവരുന്നുണ്ടെന്നാണ് ഡോ. വത്സലൻ വാതുശ്ശേരിയുടെ പൂതുവാദം.

## നരിയും ബുദ്ധനും പൊട്ടിയും ശീവോതിയും

'ഗാന്ധിഭക്തനും മാർക്സിയൻ തത്വശാസ്ത്രമെന്തെന്ന് പഠിക്കാത്തവനുമായ ഒരുവൻ കേവലം വസ്തുനിഷ്ഠമായി എഴുതിപ്പോയ ചില കാവ്യങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രചാരണ സാഹിത്യശേഖരത്തിലേക്ക് പാകമായി, ജീവിതപരാജയത്തിന് ഒരു കാരണം കൂടി! കോൺഗ്രസ്സുകാർക്ക് ഞാൻ ചുവന്ന പാർട്ടിക്കാരനാണ്. ചോപ്പനോ ഞാൻ വെള്ളത്തൊപ്പിക്കാരനും!' (കവിത എന്റെ ജീവിതത്തിൽ-ഇടശ്ശേരി)- കവിതയും ഇസവും ജീവിതവും എല്ലാം കൂടി കവിമനസ്സിൽ വന്ന് കലങ്ങിത്തെളിഞ്ഞതിങ്ങനെയാണ്. മേൽപ്പറഞ്ഞ പോലെ ചുവന്ന പാർട്ടിക്കാർക്ക് പ്രചാരണത്തിനുതകുന്ന കവിതയാണ് 'ബുദ്ധനും ഞാനും നരിയും.'

വിശപ്പിൽ നീറിനീറി മനുഷ്യൻ മരിച്ചു മലയ്ക്കുന്നതിനെതിരെ പ്രയോഗിക്കാനുള്ള ആയുധത്തെ പ്രതിരോധിക്കുന്ന ഏതിസമായാലും ശരി അതിനെ മറയത്തെറിയാൻ ഇടശ്ശേരിക്ക് തെല്ലും കൂസലില്ല. എറിയണമെന്നുതന്നെയാണ് ഇടശ്ശേരിയൻ തത്വശാസ്ത്രം:

'വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുകതാൻ വരാം.'
(പൊട്ടിപുറത്ത് ശീവോതി അകത്ത്)

അതിനാലാണ്, ഇരുണ്ടഴൽ ചാറിയ ആശയത്തെ പൊട്ടിയാട്ടിയിട്ട്, ഹിംസ്രജന്തുവിന്റെ മുതുകിൽ ബുദ്ധന്റെ കൽപ്രതിമയെ മറിച്ചിട്ടത്. അമ്മയുടെ പാലററമുലയിൽനിന്നും ഉയിർനിണം ഊററുന്ന ദുരിതകൈശോരത്തിന്റെ തൂമുഖത്തിനു നേരെ മിഴിതുറിച്ച് രോഷത്താൽ ആയിരം കഠിനശാപങ്ങളെറിയുന്ന കുടുംബിനിയെ ഓർമിച്ചപ്പോൾ, വിശന്നുപൊരിഞ്ഞ് ആർത്തലച്ച് നിലതെററിക്കരയുന്ന മൂത്തകുട്ടികളെ ഓർമിച്ചപ്പോൾ, 'അരിയില്ല തിരിയില്ല, ദുരിതമാണെന്നാലും' നരിതിന്നാൽ നന്നല്ലെന്ന് തീരുമാനിക്കാൻ ഇടശ്ശേരിമനസ്സിന് അരനിമിഷവും ആലോചിക്കേണ്ടി വന്നില്ല. അതാണ്, ഇടശ്ശേരിയെ ഭരിക്കുന്ന മനുഷ്യസ്നേഹത്തിന്റെ പ്രത്യയശാസ്ത്രം! ഇവിടെ ഒരു ഗാന്ധിവാക്യം പ്രസക്തം. "വിശന്ന വയറോടെ ആദർശം പറഞ്ഞിരിക്കാൻ ആർക്കും സാധ്യമല്ല". കവി പറഞ്ഞതും ഇതാണ്.

'ഞാനൊരു ഈശ്വരവിശ്വാസിയാണ്. എങ്കിലും എന്നെ എക്കാലവും അലട്ടിക്കൊണ്ടിരുന്ന വിശപ്പിനേയും സ്നേഹശൂന്യതയേയും പ്രതിപാദിക്കേണ്ടിവരുമ്പോൾ ആസ്തികസാധാരണമായ വിനയവും തത്വശാസ്ത്രങ്ങളുടെ നേർക്കുവേണ്ട ബഹുമാനവും എന്നെ വിട്ടിപിരിയാറുണ്ട്.' (കവിത എന്റെ ജീവിതത്തിൽ- ഇടശ്ശേരി)*

മേൽക്കണ്ട ഇടശ്ശേരിയൻ സമീപനത്തിലേക്ക് ഏറെ വെളിച്ചം തൂകുന്ന കവിതയാണ് 'പൊട്ടിപുറത്ത് ശീവോതി അകത്ത്'. മനുഷ്യന്റെ നിലനിൽപ്പിനും പുരോഗതിക്കും തടസ്സമാകുന്നതേതായാലും, അത് ഗാന്ധിസമായാലും കമ്മ്യൂണിസമായാലും അതിനെ ഹൃദയസദനത്തിൽനിന്നും പുറത്താക്കി മനുഷ്യനന്മയ്ക്കുതകുന്ന ആശ്രയശീവോതിയെ കുടിയിരുത്തുക എന്നതാണ് ഇടശ്ശേരിയുടെ നീതിശാസ്ത്രം. അതുകൊണ്ടാണ്, അയൽവീട്ടുകാർ വെടിമരുന്നുണക്കുമ്പോൾ നാം നെല്ലു ചിക്കുകയല്ല വേണ്ടത് എന്ന പ്രായോഗികജീവിതപക്ഷത്തേക്ക് ചായുന്നത്.

അജാമിളന്റെ ജീവിതാന്ത്യമാണ് ഒരു കവിതയിലെ പുരാണ-ചരിത്രം. മഹാത്മജിയുടെ ജീവത്യാഗസന്ദർഭം അനുസ്മരിക്കുന്നതിന് ആമുഖമായിട്ടാണ് 'അജാമിളമോക്ഷം വീണ്ടും' ഇടശ്ശേരി എഴുതിയത്. അജാമിളന് നാരായണ മന്ത്രമായിരുന്നെങ്കിൽ മഹാത്മജിക്ക് രാമമന്ത്രമായിരുന്നു, അഭയം.

ഈ പഠനത്തിന് വിഷയമാക്കാത്ത കുറേയേറെ പുരാണാധിഷ്ഠിത കവിതകൾ ഇടശ്ശേരിയുടേതായിട്ടുണ്ട്. അവയിൽ പലതും ഒററക്കവിതാപഠനങ്ങളിലുള്ളതുകൊണ്ട് ഇവിടെ ആവർത്തിച്ചിട്ടില്ല. പൂർണമായും മിത്തിനെ ആശ്രയിച്ചുള്ള കവിതകളിൽ പ്രധാനപ്പെട്ടവ അഹല്യ, മാർക്കണ്ഡേയൻ, അമ്പാടിയിലേക്ക് വീണ്ടും, വ്രജത്തിലെ വിരുതൻ, യുദ്ധകാലത്തെ ഓണം തുടങ്ങിയവയാണ്. ഇതിഹാസപരാമർശമുള്ളതായ കവിതകൾ വളരെയേറെയുണ്ട്; ലക്ഷ്മീസ്തവം, വൃന്ദാവനത്തിലെ രാധ, ഉണ്ണിക്കൃഷ്ണനോട്, പുരപ്പുലരെപ്പൊന്നോണം, എതിരേല്പ്, കൈക്കോട്ടിന്റെ ചിരി, ഒരു ഗന്ധർവൻ പാടുന്നു, മരിക്കാത്ത പ്രതീക്ഷ, ബിംബിസാരന്റെ ഇടയൻ, ത്രിവിക്രമനുമുൻപിൽ, മാവേലി വന്നാലോ, കുററിപ്പുറം പാലം, ഋഷിയുടെ ധേനു, ആമയും മുയലും, കഥ ദക്ഷയാഗം തന്നെ, മൈനാകശൃംഗം, വസുദേവൻ, രാമബാണം, പാൽക്കടൽ കടയുമ്പോൾ എന്നിങ്ങനെ.

മിത്തിന്റെ അയഥാർഥതലത്തിനും ഇടശ്ശേരി ഗോവിന്ദൻനായർ യാഥാർഥ്യത്തിന്റെ മാനം നൽകി എന്നതാണ് ഏററവും ശ്രദ്ധേയമായ കാര്യം. ചിപ്പിയിൽ കടന്നു കയറുന്ന നാടൻവെരകൾ തിളക്കമുള്ള മുത്തുകളായിത്തീരുന്ന വേഷപ്പകർച്ചപോലെയാണ് ഇടശ്ശേരിക്കവിതയിൽ കടന്നു വന്ന ചില മിത്തുകളുടെ പരിണാമം. അവ പലതും മുത്തുചിപ്പികളായി!

* അഗ്നേ, നയ സുപഥാ റായേ അസ്മാൻ
വിശ്വാനി ദേവ വയുനാനി വിദ്വാൻ...'
(എല്ലാ കർമങ്ങളേയും ഉപാസനകളേയും അറിയുന്ന അല്ലയോ അഗ്നിദേവ.
എന്നെ (ഞങ്ങളെ) ശ്രേഷ്ഠമാർഗത്തിലൂടെ നയിച്ചാലും!)
ഋഗ്വേദം അഷ്ടകം-2, സൂക്തം 189, മന്ത്രം-1
യജുർവേദം- അധ്യായം 5, മന്ത്രം 36, അധ്യായം 7, മന്ത്രം 43
ഈശാവാസ്യോപനിഷത്ത്- മന്ത്രം 18
* മുംബൈയിൽ പ്രസിദ്ധീകരിക്കുന്ന   വിശാലകേരളം' മാസികയിലെ ലേഖനം